# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *38 — 01/12/2015-ൽ മറുപടിയ്ക്ക്

## ആദിവാസികളുടെ പുരോഗമനത്തിനായുള്ള പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ<br>" ബി. സത്യൻ<br>" കെ. വി. വിജയദാസ്<br>" വി. ചെന്താമരാക്ഷൻ : | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | ആദിവാസി മേഖലയിൽപ്പെട്ടവർക്ക് വാഗ്ദാനം ചെയ്ത പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ; | (എ) | പട്ടികവർഗ്ഗ മേഖലയിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്താറുണ്ട്. പദ്ധതികൾ നടപ്പിലാക്കുമ്പോൾ പരമാവധി പ്രയോജനം അവർക്കുതന്നെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി ജില്ലാതലത്തിലും സംസ്ഥാനതലത്തിലും മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ ക്ഷേമകാര്യങ്ങൾക്ക് അനുവദിയ്ക്കുന്ന തുക അതാത് പദ്ധതികൾക്ക് തന്നെ കാര്യക്ഷമതയോടുകൂടി പദ്ധതി നിർവ്വഹണം നടത്തി മുഴുവൻ തുകയും ചെലവഴിക്കുന്നതിന് വകുപ്പ് അതീവ ജാഗ്രത പാലിക്കാറുണ്ട്. ഇതിനായി വകുപ്പദ്ധ്യക്ഷൻമാർ വകുപ്പുതല അവലോകന യോഗങ്ങൾ നടത്തി ജില്ലാതല നിയന്ത്രണോദ്യോഗസ്ഥർക്ക് കാര്യക്ഷമതയോടുകൂടി പദ്ധതി നിർവ്വഹണം നടത്തുന്നതിന് ആവശ്യമായ നിർ-ദ്ദേശം നൽകി പദ്ധതി പുരോഗതി കൈവരിക്കാറുണ്ട്. |
| (ബി) | ആദിവാസി മേഖലയിൽ നടപ്പിലാക്കുന്നതിന് പ്രഖ്യാപിച്ച പദ്ധതികളിലെ പുരോഗതി വിലയിരുത്തുന്നതിന് നിലവിലെ സംവിധാനങ്ങൾ എന്താണെന്നും ഇതിന് എന്തെങ്കിലും അപാകതകൾ ഉള്ളതായി കരുതുന്നുണ്ടോയെന്നും വ്യക്തമാക്കുമോ; | (ബി) | പട്ടികവർഗ്ഗക്കാരുടെ ക്ഷേമപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്ന തിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന പദ്ധതികളുടെ അവലോകത്തിന് ജില്ലാ ഓഫീസർമാരുടെ യോഗം എല്ലാ മാസവും ചേർന്ന് വിലയിരുത്തുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | പട്ടികവർഗ്ഗ മേഖലയിൽ തന്നെ തുക വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായി വകുപ്പുതല അവലോകന യോഗങ്ങൾ നടത്തുന്നുണ്ട്.<br><br>പദ്ധതി നടത്തിപ്പ് ഏകോപിപ്പിക്കുന്നതിനായി ഡയറക്ടറേറ്റിൽ ഒരു പ്ലാനിംഗ് മോണിറ്ററിംഗ് സെൽ നിലവിലുണ്ട്. 2012-13 സാമ്പത്തിക വർഷം മുതൽ കോർപ്പസ് ഫണ്ട് ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയോടെ സ്ഥലം എം.എൽ.എ ചെയർമാനായും പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസർ കൺവീനറായും ബന്ധപ്പെട്ട വകുപ്പിന്റെ ജില്ലാ മേധാവി ബന്ധപ്പെട്ട പഞ്ചായത്ത് പ്രസിഡന്റ്, ഇതര ജനപ്രതിനിധികൾ എന്നിവർ മെമ്പർമാരുമായ ഒരു കമ്മിറ്റിയുടെ നിരീക്ഷണത്തിലാണ് നടത്തി വരുന്നത്.<br><br>പദ്ധതി നടത്തിപ്പിന്റെ സാമ്പത്തിക ഭൗതീക നേട്ടങ്ങൾ ജില്ലാ ഓഫീസർമാർ നേരിട്ട് വിലയിരുത്തുകയും ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാ തലത്തിൽ ചേരുന്ന ജില്ലാ വികസനസമിതി യോഗത്തിലും വിലയിരുത്തുന്നുണ്ട്. ഡയറക്ടറേറ്റിൽ നിന്നുള്ള നിയന്ത്രണ ഉദ്യോഗസ്ഥർ ഉൾപ്പെട്ട ഒരു സംഘം എല്ലാ ജില്ലകളിലും സന്ദർശനം നടത്തി പുരോഗതി വിലയിരുത്തുന്നുണ്ട്. കൂടാതെ സർക്കാർ ഉത്തരവ് (സാധാ) നം.1192/2012/പജപവവിവ തീയതി 07/09/2012 പ്രകാരം പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടർ ചെയർമാനായും കൺവീനറായും ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ ഓഫീസർമാർ എന്നിവർ അംഗങ്ങളുമായ ഒരു കമ്മിറ്റി പദ്ധതി വിനിയോഗം വിലയിരുത്തുന്നുണ്ട്.<br><br>ജില്ലാതല ഉദ്യോഗസ്ഥർ എല്ലാ മാസവും 5-ാം തീയതിക്കകം മാസാന്ത്യ പദ്ധതി പുരോഗതി വിവരം ഡയറക്ടറുടെ വിലയിരുത്തലിനായി ലഭ്യമാക്കുന്നുണ്ട്. അതുപോലെ തന്നെ ജില്ലാ തലത്തിൽ വിലയിരുത്തലിനായി ജില്ലാകളക്ടർക്കും നല്കുന്നുണ്ട്. എല്ലാ മാസവും അവസാന ശനിയാഴ്ച ചേരുന്ന ജില്ലാ വികസന സമിതി യോഗത്തിൽ ജില്ലാതലത്തിലുള്ള പദ്ധതി നിർവ്വഹണ പുരോഗതി അവലോകനം ചെയ്യുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | ഇപ്രകാരമുള്ള പ്രവർത്തനങ്ങളുടെ ഫലമായി പട്ടിക വർഗ്ഗ വികസനത്തിന് അനുവദിക്കുന്ന ഫണ്ട് സമയബന്ധിതമായി ചെലവഴിക്കുന്നതിന്റെ പുരോഗതി വിലയിരുത്താൻ സാധിക്കുന്നുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രഖ്യാപിക്കപ്പെട്ട പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | ഈ മേഖലയിലെ പുരോഗതിയ്ക്കായി നീക്കിവെക്കുന്ന തുകകൾ അതേ ആവശ്യങ്ങൾക്കായി മാത്രം വിനിയോഗിക്കപ്പെടാത്തതാണ് ഈ മേഖലയിലെ ദുരിതങ്ങൾക്കറുതിയാകാത്തതെന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ ? | (സി) | പദ്ധതികൾ വകമാറ്റി ചെലവഴിക്കുന്നതിന് സംബന്ധിച്ച് ആക്ഷേപം ഉണ്ടായിട്ടില്ല.<br><br>പട്ടികവർഗ്ഗക്കാർക്ക് ബജറ്റ് വിഹിതമായി നീക്കി വയ്ക്കുന്ന തുക കൊണ്ട് അവരുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ മാത്രമാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്.<br><br>പട്ടികവർഗ്ഗ ക്ഷേമകാര്യങ്ങൾക്ക് അനുവദിക്കുന്ന തുക അതാത് പദ്ധതികൾക്ക് തന്നെ കാര്യക്ഷമതയോടുകൂടി ചെലവഴിക്കുന്നുണ്ട്. എന്നാൽ സാങ്കേതികകാരണം മൂലം ചില പദ്ധതികൾക്ക് അനുവദിക്കുന്ന തുക മുഴുവനായി ചെലവഴിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ തുക ലാപ്സാകാതെ ചെലവ് പ്രതീക്ഷിക്കുന്ന മറ്റ് പദ്ധതികൾക്ക് ധനപുനർക്രമീകരണത്തിലൂടെ തുക കണ്ടെത്തുന്ന സ്ഥിതി വിശേഷം വകുപ്പിൽ ഉണ്ടാകാറുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം-1

| നം | പദ്ധതിയുടെ പേര് | അനുവദിച്ച വർഷം | അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | ഗോത്ര സാരഥി | 2013-14 | 305 | 305 |
| | | 2014-15 | 400 | 400 |
| | | 2015-16 | 400 | 350 |
| 2 | വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്വിതരണം | 2011-12 | 51.31 | 51.31 |
| | | 2012-13 | 116 | 116 |
| | | 2013-14 | 130.39 | 130.39 |
| | | 2014-15 | 107.03 | 107.03 |
| | | 2015-16 | 109 | നിർവഹണത്തിന്റെ പ്രാരംഭ ഘട്ടത്തിലാണ് |
| | | | | |
| 3 | കൈത്താങ്ങ് | 2013-14 | 15 | 15 |
| | | 2014-15 | 11 | 11 |
| | | 2015-16 | 11 | 8.84 |
| | | | | |
| 4 | ഹാംലെറ്റ്വികസനപദ്ധതി | 2013-14 | 2000 | 982.92 |
| | | 2014-15 | 2500 | 1086.65 |
| | | 2015-16 | 2145.35 (ഇ.എൽ.എ വഴി 1145.33) | 98.70 |
| | | | | |
| 5 | **മോഡൽ കോളനി** | **2011-12** | **667.70** | **216.29 (നാളിതു വരെ)** |
| 6 | ഹഡ്കോ ഹൗസിംഗ് | **2015-16** | **2636.00** | **2636.00** |
| 7 | എംആർസ് കുറ്റിച്ചൽ | **2015-16** | **ഈ അദ്ധ്യയന വർഷം ആരംഭിച്ചിട്ടുണ്ട്.** | |
| 8 | മൾട്ടി പർപ്പസ് ഹോസ്റ്റൽ | **2015-16** | **299.82** | **ടെണ്ടർ നടപടികളിലാണ്** |
| 9 | ഗുരുകുലം | **2015-16** | **100** | **പദ്ധതി പ്രവർത്തനം പ്രാരംഭ ഘട്ടത്തിലാണ്** |
| 10 | ജനനീ ജന്മരക്ഷ: | 2013-14 | 100 | 100 |
| | | 2014-15 | 450 | 450 |
| | | 2015-16 | 650 | 600.00 |
| | | | | |

| നം | പദ്ധതിയുടെ പേര് | അനുവദിച്ച വർഷം | അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|---|
| 11 | അവിവാഹിതരായ അമ്മമാരുടെ പുനരധിവാസം: | 2011-12 | 689 | 303 |
| | | 2012-13 | 408 | 291 |
| | | 2013-14 | 119 | 52.99 |
| | | 2014-15 | 28.26 | 12.51 |
| | | 2015-16 | 11.53 | 11.53 |
| | | | | |
| 12 | പട്ടികവർഗ്ഗ വനിതകൾക്ക് ഓട്ടോറിക്ഷാ വിതരണം ചെയ്യുന്ന പദ്ധതി | 2012-13 | 0.1 | |
| | | **2013-14** | **682.25** | **674.64** |
| 13 | പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് മുഖേന പട്ടികവർഗ്ഗ വിഭാഗ ത്തിലെ പ്രാക്തന ഗോത്ര വർഗ്ഗക്കാരുടെ വികസന പദ്ധതി. (4 വർഷത്തെ പദ്ധതി നടത്തിപ്പിനായി 148 കോടി രൂപ അനുവദിച്ചു) | 2011-12 | 1155 | 977 |
| | | 2012-13 | 3700 | 3693 |
| | | 2013-14 | 5700 | 5682 |
| | | 2014-15 | 3700 | 3253 |
| | | **2015-16** | **496.92** | |
| 14 | പരിപ്രേക്ഷ്യ പദ്ധതി 2030-ലെ മുൻഗണനാ പദ്ധതികളുടെ നടത്തിപ്പ് | 2015-16 | 100 | പദ്ധതി നിർവഹണ ത്തിന്റെ പ്രാരംഭ ഘട്ടത്തിലാണ് |
| 15 | എ.റ്റിഎസ്പി - പദ്ധതി യിൽ ഉൾപ്പെടുത്തി 14 മേഖലയിലെ പിന്നോക്കാവസ്ഥ യിലുള്ള പട്ടിക വർഗ്ഗ സങ്കേതങ്ങളുടെ സമഗ്ര വികസനം | 2014-15 | 15000 | 13575 |
| | | 2015-16 | 15000 | 8500 ലക്ഷം രൂപ ഭവന നിർമ്മാണത്തിന് അനുവദിച്ചതിൽ 3000 ലക്ഷം രൂപ ചെലവഴിച്ചു.<br>ശേഷിച്ച 6500 ലക്ഷം രൂപ, വയനാട്, കോഴിക്കോട്, നിലമ്പൂർ, കണ്ണൂർ എന്നിവിടങ്ങളിലെ 50 പട്ടികവർഗ്ഗ കോളനികളിൽ സമഗ്ര വികസന പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭ ഘട്ടത്തിലാണ്. |
| 16 | സിക്കിൾസെൽ അനീമിയ രോഗം | 2012-13 | 28.36 | 28.36 |
| | | 2013-14 | 115 | 54.52 |
| | | 2014-15 | 120 | 75.86 |
| | | 2015-16 | 120 | 44.41 |
| 17 | ഗോത്രജ്യോതി | 2013-14 | 21.27 | 21.27 |
| 18 | സ്റ്റുഡന്റ് ഹെൽത്ത് പ്രൊമോട്ടർ | 2013-14 | 23.65 | 23.65 |

സെക്ഷൻ ഓഫീസർ

# അനുബന്ധം-2

## 1. ഗോത്ര സാരഥി

14 വയസ്സ്‌വരെയുള്ള കുട്ടികൾക്ക്‌ വിദ്യാഭ്യാസ അവകാശ നിയമ പ്രകാരം നിർബന്ധിത വിദ്യാഭ്യാസം കൊടുക്കാൻ വ്യവസ്ഥ ചെയ്യുന്നു. ഇതു വഴി അവർക്ക്‌ നിയമാനുസൃതമായി ചെലവില്ലാതെ കിട്ടേണ്ട വിദ്യാഭ്യാസം ഉറപ്പാക്കുന്നു. പട്ടികവർഗ്ഗ സങ്കേതങ്ങൾ ഉൾവനത്തിലും എത്തിച്ചേരാൻ പറ്റാത്ത സ്ഥലങ്ങളിലും ആയതിനാൽ വാഹന ഗതാഗതം ലഭ്യമല്ല. അതുപോലെ വന്യമൃഗങ്ങളുടെ ഭീഷണിയും, വകുപ്പിൻ കീഴിലെ ഹോസ്റ്റൽ സൗകര്യത്തിന്റെ അപര്യാപ്തതയും പ്രതികൂല സാഹചര്യങ്ങൾ ആണ്. ആയതിനാൽ ഇത്തരം സാഹചര്യങ്ങളെ അതിജീവിക്കാനായി വകുപ്പ്‌ വിഭാവനം ചെയ്ത പുതിയ പദ്ധതിയാണ്‌ ഗോത്ര സാരഥി._ഉൾവനങ്ങളിലും എത്തിച്ചേരാൻ കഴിയാത്ത സ്ഥലങ്ങളിലും താമസിക്കുന്ന വിദ്യാർത്ഥികൾക്കുവേണ്ടി മാത്രമേ ഈ സൗകര്യം ഉപയോഗിക്കാവൂ. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞ്‌ പോക്ക്‌ ഒഴിവാക്കുക, കുട്ടികൾക്ക്‌ സ്കൂളുകളിൽ വരാനും, പഠനത്തിൽ ഉത്സുകരാകാനും വഴിയൊരുക്കുക എന്നിവയാണ്‌ ടി പദ്ധതിയുടെ പ്രഥമ ലക്ഷ്യങ്ങൾ. 2013-14-ൽ ആരംഭിച്ച ഈ പദ്ധതി ഇപ്പോഴും തുടർപദ്ധതിയായി നടപ്പിലാക്കി വരുന്നു. വർഷന്തോറും 10,000 ത്തോളം കുട്ടികളെ സ്കൂളിൽ എത്തിക്കുന്നതിന്‌ ടി പദ്ധതി വഴി സാധിക്കുന്നു.

## 2. വിദ്യാർത്ഥികൾക്ക്‌ ലാപ്ടോപ്പ്‌ വിതരണം

അംഗീകൃത യൂണിവേഴ്സിറ്റികളിൽ/സ്ഥാപനങ്ങളിലെ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക്‌ പഠനസഹായിയായി ലാപ്ടോപ്പ്‌ വിതരണം ചെയ്യുന്ന പദ്ധതിയാണിത്‌. എം.ബി.എ, എം.എസ്.സി കമ്പ്യൂട്ടർ സയൻസ്,എം.സി.എ, എം.ബി.ബിഎസ്, ബി.ഡി.എസ്, ബി.എ.എം.എസ്, ബി.എച്ച്.എം.എസ്, ബി.വി.എസ്.സി ആന്റ്‌ എ.എച്ച്, എം.ടെക്ക്‌ തുടങ്ങിയ കംപ്യൂട്ടർ അധിഷ്ഠിത പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികളാണ്‌ ടി പദ്ധതിയുടെ ഗുണഭോക്താക്കൾ 2014-15 വരെ 979 വിദ്യാർത്ഥികൾക്ക്‌ പദ്ധതി ആനുകൂല്യം ലഭിച്ചിട്ടുണ്ട്‌. നടപ്പ്‌ വർഷത്തെ പദ്ധതി നടത്തിപ്പിന്റ്റെ പ്രാരംഭ ഘട്ടത്തിലാണ്‌.

## 3. കൈത്താങ്ങ്‌

സംസ്ഥാനത്തെ അനാഥരായ പട്ടികവർഗ്ഗ കുട്ടികളെ സംരക്ഷിക്കുന്നതിന്‌ 2013-14 സാമ്പത്തിക വർഷം ആരംഭിച്ച പദ്ധതിയാണ്‌ കൈത്താങ്ങ്‌. ഇത്തരം കുട്ടികളെ സംരക്ഷിക്കുന്നവർക്ക്‌ പ്രതിമാസം 1000/- രൂപ ധനസഹായം നൽകുന്ന പദ്ധതിയാണിത്‌. പട്ടികവർഗ്ഗത്തിൽപ്പെട്ടവരും മാതാപിതാക്കൾ മരണപ്പെട്ടതോ/ഉപേക്ഷിച്ചതോ/ഒരാൾ മരണപ്പെടുകയും, ജീവിച്ചിരിക്കുന്ന ആൾക്ക്‌ കുട്ടികളെ പോറ്റാൻ കഴിവില്ലാത്ത വിധം ഗുരുതര രോഗം ബാധിച്ചവരോ ആയിട്ടുള്ളവരുടെ കുട്ടികൾ ഈ പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കും. കുട്ടികൾ വളർന്ന്‌ സ്വയം തൊഴിൽ കണ്ടെത്തുന്നത്‌ വരെയോ; 18 വയസു വരെയോ മാത്രമേ ടി. ആനുകൂല്യം ലഭ്യമാക്കുകയുള്ളൂ. നാളിതു വരെ 575 കുട്ടികൾക്ക്‌ ആനുകൂല്യം നൽകിയിട്ടുണ്ട്‌.

## 4. ഹാംലെറ്റ്‌ വികസനപദ്ധതി

1. പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട്‌ ഹാംലെറ്റ്‌ വികസന പദ്ധതി നടപ്പിലാക്കുന്നതിന്‌ തെരഞ്ഞെടുക്കുന്ന ഓരോ കോളനിയ്ക്കും ഒരുകോടി രൂപ വീതം ചെലവഴിച്ച്‌ പദ്ധതി നടപ്പിലാക്കി വരുന്നു. പട്ടികവർഗ്ഗ സങ്കേതങ്ങളുടെ പിന്നോക്കാവസ്ഥയും ക്ലേശഘടകങ്ങളെയും മുൻ നിറുത്തി ടി പദ്ധതിയിൽ 2013-14 വർഷം 18 പട്ടികവർഗ്ഗ സങ്കേതങ്ങളും, 2014-15 25 പട്ടികവർഗ്ഗ സങ്കേതങ്ങളും തെരഞ്ഞെടുത്ത്‌ പദ്ധതി നടപ്പിലാക്കി വരുന്നു. 2015-16 വർഷം 10 പട്ടികവർഗ്ഗ സങ്കേതങ്ങളിൽ പദ്ധതി നടപ്പിലാക്കുവാൻ 10 കോടി രൂപ വകയിരുത്തുകയും കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഇലക്ട്രോണിക്‌ ലെഡ്ജർ അക്കൗണ്ട്സ്‌ (ഇ.എൽ.എ) -ൽ നിക്ഷേപിച്ചിരുന്ന 1143.33 കോടി രൂപ കൂടി നടപ്പു വർഷം അഡീഷണൽ ആതറൈസേഷൻ വഴി ലഭിക്കുകയും അത്‌ സ്പിൽഓവർ വർക്കിനായി അനുവദിക്കുകയും ചെയ്തു. 2015-16 ൽ 8 കോളനികളെ തെരഞ്ഞെടുക്കുകയും ഈ കോളനികളിൽ വികസന

പ്രവർത്തനത്തിന് ഭരണാനുമതി ലഭിക്കുന്നതിനുള്ള ശുപാർശ സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

5. **<u>മോഡൽ കോളനി</u>**

സംസ്ഥാനത്തെ 5 കോളനികളെയാണ് മോഡൽ കോളനി പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കൊല്ലം ജില്ലയിലെ കുരിയോട്ടുമല, പത്തനംത്തിട്ട ജില്ലയിലെ ചാലക്കയം, വയനാട് ജില്ലയിലെ കാരാപ്പുഴ, വാകേരി, കുഞ്ഞോം എന്നിവയാണ് ടി 5 കോളനികൾ. ഓരോ മോഡൽ കോളനിയിലും 25 വീടുകൾ വീതം ആകെ 125 വീടുകളുടെ നിർമ്മാണം കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്നു.

6. **<u>ഹഡ്കോ ഹൗസിംഗ്</u>**

പട്ടികവർഗ്ഗത്തിൽ പ്പെടുന്നതും സ്വന്തമായി ഭവനം ഇല്ലാത്തവരും എന്നാൽ ഭവനനിർമ്മാണത്തിന് ഭൂമി ലഭ്യമായതുമായവർക്ക് ഹഡ്കോ മുഖാന്തിരം ലഭ്യമാക്കുന്ന ലോൺ തുക ഉപയോഗിച്ച് 5000 വീടുകൽ നിർമ്മിക്കാനാണ് പദ്ധതി തയ്യാറായിട്ടുള്ളത്. വായ്പയുടെ ആദ്യഗഡുവായി ലഭിച്ച 50 കോടി രൂപ വിനിയോഗിച്ച് 2000 ഭവനങ്ങൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ ഭവനങ്ങളുടെ നിർമ്മാണം ദ്രുതഗതിയിൽ നടന്നു വരുന്നു.

7. **<u>എംആർസ് കുറ്റിച്ചൽ:</u>**

2015-16 അദ്ധ്യയന വർഷം മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്രത്യേക വിഹിതം നീക്കി വെച്ചിട്ടില്ല. എംആർഎസുകൾക്കായുള്ള പൊതുവിഹിതത്തിൽ നിന്നാണ് ഇതിന് സൗകര്യം കണ്ടെത്തുന്നത്.

**<u>കൊറഗർ</u>**ക്കുവേണ്ടി കാസർഗോഡ് വാണി നഗറിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ 2015-16 അദ്ധ്യയന വർഷം മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

8. **<u>മൾട്ടി പർപ്പസ് ഹോസ്റ്റൽ :</u>** 100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പു വർഷം 3 മൾട്ടി പർപ്പസ് ഹോസ്റ്റലിനായി 299.8 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി ലഭിച്ചിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

9. **<u>ഗുരുകുലം :</u>** പ്രസ്തുത പദ്ധതിക്കായി 1 കോടി രൂപ 2015-16 അദ്ധ്യയന വർഷം വകയിരുത്തിയിട്ടുണ്ട്. പദ്ധതി പ്രവർത്തനം പ്രാരംഭ ഘട്ടത്തിലാണ്.

10. **<u>ജനനീ ജന്മരക്ഷ:</u>** പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ട ഗർഭിണികളായ സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും ആര്യോഗ്യ സംരക്ഷണത്തിനായി ആവിഷ്കരിച്ച പദ്ധതിയാണ് ജനനീ ജന്മരക്ഷ. ഗർഭാവസ്ഥയുടെ 3-ാം മാസം മുതൽ കുട്ടി ജനിച്ച് 1 വയസ് തികയുന്നതു വരെയുള്ള 18 മാസ കാലത്തേക്ക് പ്രതിമാസം 1000/- രൂപ വീതം ആനുകൂല്യം നൽകി വരുന്നു. 2012-13 സാമ്പത്തിക വർഷം ആരഭിച്ച പദ്ധതിയിൽ 415 ലക്ഷം രൂപയും 14-15 ൽ 150 ലക്ഷം രൂപയും 15-16 -ൽ 655 ലക്ഷം രൂപ വകയിരുത്തിയതിൽ 600 ലക്ഷം രൂപ ചെലവഴിക്കുകയും നാളിതു വരെ 11850 പേർക്ക് ടി പദ്ധതിവഴി ധനസഹായം നൽകിയിട്ടുണ്ട്.

11. **<u>അവിവാഹിതരായ പട്ടിക വർഗ്ഗ അമ്മമാരുടെ പുനരധിവാസം:</u>** സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ അവിവാഹിതരായ പട്ടികവർഗ്ഗ് അമ്മമാരെ പുനരധിവസിപ്പിക്കുന്നതിനായി 2011-12 വർഷം പുതിയ പദ്ധതി ആവിഷ്കരിച്ചിരുന്നു. ഇവരുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായുള്ള പാക്കേജിൽ ഭവന നിർമ്മാണം, വീട് റിപ്പയർ, ജീവനോപാധി പദ്ധതികളായ കറവപ്പശു വളർത്തൽ,ആട് വളർത്തൽ, കോഴി വളർത്തൽ, കുട്ട-വട്ടി നിർമ്മാണം, തയ്യൽ പരിശീലനം, തയ്യൽ മെഷീൻ വിതരണം, പെട്ടിക്കട നടത്തുന്നതിന് ധനസഹായം എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. സംസ്ഥാനത്തെ

അവിവാഹിതരായ പട്ടികവർഗ്ഗ അമ്മമാരുടെ പുനരധിവാസത്തിനായി 2011-12 സാമ്പത്തിക വർഷം വകയിരുത്തിയ 6.89 കോടി രൂപ പദ്ധതി നടത്തിപ്പിനായി ജില്ലാ തല ഓഫീസുകൾക്ക് അനുവദിക്കുകയും 31.03.12 വരെ 3.03 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയിൽപെട്ട ഭവനനിർമ്മാണത്തിന്റെ തുടർ പ്രവർത്തനങ്ങൾക്ക് 2012-13, 2013-14, 2014-15 2015-16 വർഷങ്ങളിൽ തുക അനുവദിക്കുകയും നിർമ്മാണം തുടർന്നു വരുകയുമാണ്.

12. **<u>പട്ടികവർഗ്ഗ വനിതകൾക്ക് ഓട്ടോറിക്ഷാ വിതരണം ചെയ്യുന്ന പദ്ധതി:</u>**
സംസ്ഥാനത്തെ തൊഴിൽ രഹിതരായ 500 പട്ടികവർഗ്ഗ യുവതികൾക്ക് സ്വയം തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സൗജന്യമായി ഓട്ടോറിക്ഷകൾ വാങ്ങി നൽകുന്ന ഒരു പദ്ധതി 2012-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിരുന്നു. തുടർന്ന് ടി പദ്ധതി നടത്തിപ്പിനായി 2012-13 വർഷം ഭരണാനുമതി ലഭിക്കുകയും ചെയ്തിരുന്നു. 14 ജില്ലകളിൽ നിന്നുള്ള 500 പേരെയാണ് ടി പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിട്ടുള്ളത്. തെരഞ്ഞെടുക്കപ്പെട്ട പട്ടിക വർഗ്ഗ യുവതികൾക്ക് സൗജന്യമായി ഓട്ടോറിക്ഷാ പരിശീലനം നൽകി ലൈസൻസ് കരസ്ഥമാക്കി കൊടുക്കുന്നതിനുള്ള ധനസഹായവും ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. പട്ടികവർഗ്ഗ യുവതികൾക്ക് സ്വയം തൊഴിൽ നേടിക്കൊടുക്കുന്നതിനോടിപ്പം ഒരു സ്ഥിരവരുമാനം ഉറപ്പാക്കി അവരെ ശാക്തീകരിക്കുക എന്നതാണ് പദ്ധതിയുടെ പ്രധാനപ്പെട്ട ലക്ഷ്യം.

13. **<u>പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് മുഖേന പട്ടികവർഗ്ഗ വിഭാഗത്തിലെ പ്രാക്തന ഗോത്രവർഗ്ഗക്കാരുടെ വികസന പദ്ധതി.</u>**

പട്ടികവർഗ്ഗ വിഭാഗത്തിലെ പ്രാക്തന ഗോത്രവർഗ്ഗക്കാർക്ക് അടിസ്ഥാന സൗകര്യങ്ങൾ, ആരോഗ്യം, മണ്ണു സംരക്ഷണം, പ്രാഥമിക വിദ്യാഭ്യാസം, കുടിവെള്ളം, പോഷകാഹാരം തുടങ്ങിയ മേഖലകളിൽ പ്രത്യേക പരിഗണന നൽകാൻ 13-ാം ധനകാര്യ കമ്മീഷൻ 4 വർഷത്തേക്കായി 14,800 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

പദ്ധതിയിലെ പ്രധാന ഘടകങ്ങൾ ഇവയാണ്.ഭവന നിർമ്മാണം, വീടിന്റെ കേടുപാടുകൾ തീർക്കൽ, ഭൂരഹിതർക്ക് ഭൂമി, കോളനികളുടെ/വീടുകളുടെ വൈദ്യുതീകരണത്തിന് വൈദ്യുതി ലൈൻ നീട്ടൽ, പങ്കാളിത്ത വനപരിപാലനത്തിന് ബോധവൽക്കരണവും പരിശീലനവും, അറിവും, പാരിസ്ഥിതിക സംതുലനം, മണ്ണുജല സംരക്ഷണം, പ്രീപ്രൈമറി, പ്രൈമറി വിദ്യാഭ്യാസം നൽകുന്നതിനുവേണ്ടിയുള്ള പെരിപ്പതറ്റിക്ക് കേന്ദ്രങ്ങളുടെ നിർമ്മാണവും തുടർനടത്തിപ്പും, കടാശ്വാസ പദ്ധതി, ശുദ്ധജല വിതരണവും ശുചീകരണ സംവിധാനവും, ജലപരിപാലനം, ഊർജ്ജത്തിന്റെ പലവിധ സ്രോതസ്സുകൾ, റോഡ് കണക്ടിവിറ്റി ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ, നടപ്പാതകൾ, പാലങ്ങൾ, ആരോഗ്യ പ്രവർത്തനങ്ങൾക്കുള്ള വാഹനങ്ങൾ സർക്കാർ മാനദണ്ഡപ്രകാരം വാങ്ങുക, സഞ്ചരിക്കുന്ന മെഡിക്കൽ യൂണിറ്റ് ഉൾപ്പെടെയുള്ള ആരോഗ്യ സൗകര്യങ്ങൾ, പ്രത്യേക അംഗൻവാടികൾ നടത്തുന്നതിനായുള്ള ചെലവ്, ഭക്ഷണ സഹായ പദ്ധതി, സർവേക്കായുള്ള ചെലവ്, ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നിവയുടെ ചെലവ്, ഭക്ഷണ സഹായ പദ്ധതിക്കായുള്ള ഗതാഗത ചെലവുകൾ, മോണിറ്ററിംഗ് ചെയ്യുവാനുള്ള പ്രത്യേക ടീമിന്റെ ചെലവുകൾ, പട്ടികവർഗ്ഗ പ്രാക്തന ഗോത്രവർഗ്ഗ വിഭാഗങ്ങളുടെ അഭിവൃദ്ധിക്കുവേണ്ടി പ്രത്യേക പ്രോജക്ടുകൾ എന്നിവ ഇതിൽപ്പെടുന്നു. ടി സ്കീമിൽ ഉൾപ്പെടുത്തി ഇതുവരെ 2018 പേർക്ക് ഭവന നിർമ്മാണ സഹായം അനുവദിച്ചിട്ടുണ്ട്.

14. **<u>പരിപ്രേക്ഷ്യ പദ്ധതി 2030-ലെ മുൻഗണനാ പദ്ധതികളുടെ നടത്തിപ്പ്</u>**

2015-16 -ൽ ആരംഭിച്ച ഈ പദ്ധതിയിൽ ബഡ്ജറ്റ് വിഹിതമായി 100 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതി നിർവഹണം പ്രാരംഭഘട്ടത്തിലാണ്

15. **എ.റ്റിഎസ്പി - പദ്ധതി യിൽ ഉൾപ്പെടുത്തി 14 മേഖലയിലെ പിന്നോക്കാവസ്ഥ യിലുള്ള പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്ര വികസനം:**

എ.റ്റിഎസ്പി - പദ്ധതി യിൽ ഉൾപ്പെടുത്തി 14 മേഖലയിലെ പിന്നോക്കാവസ്ഥ യിലുള്ള പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്ര വികസനത്തിനായി 2014-15 സാമ്പത്തിക വർഷം 150 കോടി രൂപ

ബഡ്ജറ്റ് വിഹിതമായി ലഭിച്ചതിൽ 135.75 കോടി രൂപ ചെലവഴിച്ച് പദ്ധതി നിർവ്വഹണം വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കി വരുന്നു. 2015-16 -ൽ 150 കോടി രൂപ ബഡ്ജറ്റ് വിഹിതമായി ലഭിച്ചതിൽ 85 കോടി രൂപ ഭവനനിർമ്മാണത്തിനു അനുവദിക്കുകയും നാളിതുവരെ 30.00 കോടി രൂപയുടെ പുരോഗതികൈവരിച്ചിട്ടുണ്ട്. ശേഷിക്കുന്ന 65 കോടി രൂപ ഉപയോഗിച്ച് വയനാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിലെ വിവിധ പഞ്ചായത്തുകളിൽ നിന്നും 50 പട്ടികവർഗ്ഗ സങ്കേതങ്ങളെ തെരഞ്ഞെടുത്ത് പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭ ഘട്ടത്തിലാണ്

**16. സിക്കിൾ സെൽ അനീമിയ (അരിവാൾ രോഗം)**

വയനാട്, പാലക്കാട്, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്കിടയിൽ കണ്ടുവരുന്ന ആജീവനാന്ത പാരമ്പര്യ രോഗമാണ് സിക്കിൾ സെൽ അനീമിയ. 2012-13 വർഷം പുതുതായി ആരംഭിച്ച പദ്ധതിയിൽ പ്രസ്തുത രോഗികൾക്ക് പ്രതിമാസം 1000/- രൂപ വീതം അതാത് ജില്ലാ ഓഫീസുകൾ മുഖാന്തിരം 31..3..2015 വരെ 158.74 രൂപ ചെലവഴിച്ച് 593 ഗുണഭോക്തക്കൾക്ക് ധനസഹായം ലഭിച്ചിട്ടുണ്ട്. വയനാട് ജില്ലയിലെ 4/5/2015 തീയതിയിലെ ജനസമ്പർക്ക് പരിപാടിയിൽ ബഹു: മുഖ്യമന്ത്രി പ്രതിമാസം 2000/- രൂപയായി വർദ്ധിപ്പിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

17. ഗോത്രജ്യോതി

2013-14 സാമ്പത്തികവർഷത്തിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട 15-നും 30-നും മധ്യേ പ്രായമുള്ള അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് ചെന്നൈ ആസ്ഥാനമായ കേന്ദ്രസർക്കാർ സ്ഥാപനമായ രാജീവ്ഗാന്ധി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ യൂത്ത്ഡെവലപ്പ്മെന്റ്, എൻഎസ്എസ് എന്നീ സംരംഭങ്ങളുമായി ചേർന്ന് പട്ടികവർഗ്ഗവികസനവകുപ്പ് ഗോത്രജ്യോതി എന്ന പേരിൽ സമ്മർക്യാംപ് 2013 മേയ് 13 മുതൽ 24 വരെ വിവിധ കേന്ദ്രങ്ങളിൽ സംഘടിപ്പിച്ചു. ടി പദ്ധതിക്ക് 21.27 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

18. സ്റ്റുഡന്റ് ഹെൽത്ത് പ്രൊമോർട്ടർ

2013-14 സാമ്പത്തികവർഷത്തിൽ 23.65 ലക്ഷം രൂപ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ